## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 630. — 30.06.2016 -ലെ മറുപടിക്ക്

### തൊഴിലാളികൾക്ക് സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.തോമസ്**<br>**ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) തൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മപദ്ധതിയാണ് തയ്യാറാക്കിയത്; വിശദമാക്കുമോ; | (എ) 2011 മുതൽ 2014 വരെ 13 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട് കൂടാതെ 5 പുതിയ തൊഴിൽ മേഖലകളിൽക്കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 41 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മിനിമം വേതന അഡ്വൈസറി ബോർഡിന് നിർദ്ദേശം നൽ കിയിട്ടുണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് വഴി തൊഴിലാളികൾക്ക്, ദൈനംദിന ജീവിതത്തിനു ള്ള കൂലി ലഭിക്കുവാൻ കഴിയും. കൂടുതൽ മേഖല കളെ മിനിമം കൂലി നിയമത്തിന്റെ പരിധിയിൽ കൊ ണ്ടുവരുകയും,അവർക്കായി കൂലി നിശ്ചയിക്കുന്നതു വഴി കൂടുതൽ വിഭാഗം തൊഴിലാളികൾക്കു കൂടി മിനിമം കൂലിയുടെ പരിരക്ഷ നൽകാൻ സാധിക്കുന്നതാണ് |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്; വിശദമാക്കുമോ? | (സി) സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ. സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധ യിൽപ്പെടുന്ന നിയമലംഘനങ്ങൾക്കെതിരെ യും സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ യും ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട് |

| | |
|---|---|
| (ഡി) ഈ പദ്ധതി നിർഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ഈ പദ്ധതി നടപ്പിലാക്കിയതുവഴി തൊഴി-ലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കു ന്നതിനും കഴിയു ന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948 - ലെ മിനിമം വേതന നിയമപ്രകാരവും, 1936 ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാക്കുന്നുണ്ടോയെന്ന് ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. ഇതുവരെ 279 സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 67.86 കോടി രൂപയോളം വേതന സുരക്ഷാപദ്ധതി മുഖേന ഇതിനകം കൈമാറികഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ